(ബി) ഈ പ്രദേശത്തെ കായൽതീരത്തെ കയ്യേറ്റം നടക്കുന്നതായ റിപ്പോർട്ട് വകപ്പിന്റെ ശ്രദ്ധയിൽപ്പെടുകയോ ആവശ്യമായ പരിശോധന നടത്തുകയോ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ടിവിപുരത്തെ കയ്യേറ്റങ്ങളെ സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം നിയോജക മണ്ഡലത്തിലെ മാത്തുവള്ളിച്ചിറത്തോട് നികത്തുവാൻ ഭ്രമാഹിയ നീക്കം നടത്തുന്നതായുള്ള പ്രദേശവാസികളുടെ പരാതി ലഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ടി തോട് നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 16-4-2014-ാം തീയതി വൈക്കം വില്ലേജ് ഓഫീസർ നിരോധന ഉത്തരവ് നൽകിയിട്ടുള്ളതാണ്.

(ബി) ഈ പ്രദേശത്തെ കായൽത്തീരത്ത് കയ്യേറ്റം നടക്കുന്നതായി വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് തഹസീൽദാർക്ക് ലഭിച്ചിട്ടുള്ളതാണ്.

(സി) അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 218-ാം വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പൊതുജല സ്രോതസ്സുകൾ കയ്യേറുന്നത് നിയമപരമായി അന്വേഷിച്ച് ഒഴിപ്പിക്കുന്നതിനായി 1996-ലെ (കേരള പഞ്ചായത്ത് കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിനുള്ള പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

വില്ലേജ് ഓഫീസ് പരിധിയിലെ ശരാശരി ജനസംഖ്യ

152(3074) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വില്ലേജ് ഓഫീസ് പരിധിയിലെ ശരാശരി ജനസംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ദേശീയതലത്തിൽ വില്ലേജ് പരിധിയിലെ ശരാശരി ജനസംഖ്യ 21400 ആയി നിജപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ജനസംഖ്യാടിസ്ഥാനത്തിൽ വില്ലേജ് ആഫീസുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാനത്തെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 3,33,87,677-ഉം ഇപ്പോഴത്തെ വില്ലേജുകളുടെ എണ്ണം 1664-ഉം ആണ്. ശരാശരി ജനസംഖ്യ വില്ലേജ് തലത്തിൽ രേഖരിച്ച് ലാന്റ് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹാരിസൺ മലയാളം പ്ലാന്റേഷൻ

153(3075) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമിയെ സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും നടപടികൾ നിർദ്ദേശിച്ചിരുന്നോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25-4-2013-ലെ ജി.ഒ.(എംഎസ്.)161/2013/റവ. ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള പാട്ടഭൂമി

154(3076) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള സർക്കാർ ഭൂമിയിൽ നിന്നും ഏതെങ്കിലും സംഘടനകൾക്കോ ട്രസ്റ്റുകൾക്കോ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly